**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874</u>** **<u>15-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സ്പോർട്ട്സ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത കായിക സംഘടനകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത കായിക സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംഘടനകൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | കേരള സ്പോർട്സ് ആക്ട് 2000ലെ 31 വകുപ്പനുസരിച്ച് സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും പ്രവർത്തിക്കുന്ന ഏതു കായികസംഘടനയ്ക്കും മേൽ പറഞ്ഞ വകുപ്പിലെ യോഗ്യതകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിശ്ചിത ഫോറത്തിൽ സംസ്ഥാനതല സംഘടനയാണെങ്കിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലോ, ജില്ലാ തല സംഘടനയാണെങ്കിൽ അതാതു ജില്ലാ സ്പോർട്സ് കൗൺസിലിലോ അപേക്ഷിച്ച് ഒരു അംഗീകൃത കായിക സംഘടനയായി രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം രജിസ്ട്രേഷൻ ലഭിച്ച സംഘടനകൾക്ക് സർക്കാർ ധനസഹായത്തിനും, ഗ്രേസ് മാർക്ക് പോലുള്ള വിശേഷ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. എന്നാൽ മേൽപ്പറഞ്ഞ നടപടിക്രമത്തിലൂടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയോ, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയോ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന കായിക സംഘടനകളും സംസ്ഥാനത്ത് നിലവിലുണ്ട്. അത്തരം കായിക സംഘനടകളുടെ മേൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കേരള സ്പോർട്സ് ആക്ട് പ്രകാരമുള്ള നിയന്ത്രണാധികാരങ്ങൾ ഇല്ലാത്തതിനാൽ പ്രസ്തുത സംഘടനകൾ ഏതൊക്കെയാണെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | കേരള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലാതെ കായിക സംഘടനകൾ നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്പോർട്സ് ക്വാട്ട വഴിയുള്ള അഡ്മിഷന് അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്നതും അർഹതപ്പെട്ടവർക്ക് ഗ്രേസ് മാർക്കുകൾ നിഷേധിക്കപ്പെടുന്നതും കണക്കിലെടുത്ത് | (ബി) | 2000ലെ കേരള സ്പോർട്സ് ആക്ട് 31 വകുപ്പ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കായിക സംഘടനകൾ നടത്തുന്ന മത്സരങ്ങൾ യഥാവിധിയാണോ നടക്കുന്നത് എന്ന് നിരീക്ഷിക്കുന്നതിനായി സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അതാതു ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ നിന്നും നിരീക്ഷകരെ |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | | നിയോഗിക്കാറുണ്ട്. അത്തരം മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും മറ്റ് കായിക താരങ്ങൾക്കും നൽകുന്ന യോഗ്യത സർട്ടിഫിക്കറ്റുകൾ നിരീക്ഷകർ മേലൊപ്പ് വെയ്ക്കാറുണ്ട്. അപ്രകാരം നിരീക്ഷകർ മേലൊപ്പ് വച്ച് സർട്ടിഫിക്കറ്റുകൾ ഉന്നത പഠനത്തിനായി സ്പോർട്സ് ക്വാട്ടാ വഴിയുള്ള അഡ്മിഷന് ആധികാരിക രേഖയായി പരിഗണിക്കാറുണ്ട്. എന്നാൽ വ്യാജ കായിക സംഘടനകൾ സംഘടിപ്പിക്കുന്ന മത്സരങ്ങളിലും ചാമ്പ്യൻഷിപ്പുകളിലും പങ്കെടുക്കുന്നതിന് മുൻപ് ഇത്തരം സംഘടനകൾക്ക് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ സർക്കാരിന്റെയോ അല്ലെങ്കിൽ മറ്റ് അംഗീകൃത സംഘടനകളുടെയോ അംഗീകാരമുണ്ടെന്ന് കായികതാരങ്ങളും രക്ഷാകർത്താക്കളും ഉറപ്പുവരുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാനുള്ള വ്യാപകമായ പ്രചാരണം നൽകുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സ്പോർട്സ് കൗൺസിൽ ഭരണ സമിതി ചെസ്സ് അസോസിയേഷൻ കേരളയെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തി വരുന്ന അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 31.10.2017ന് ചേർന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം വിശദമായ അന്വേഷണത്തിന് വിധേയമായി ചെസ്സ് അസോസിയേഷൻ കേരളയുടെ അംഗീകാരം സസ്പെന്റ് ചെയ്തിരുന്നു. പ്രസ്തുത സസ്പെഷനെതിരെ ചെസ്സ് അസോസിയേഷൻ ഓഫ് കേരള ബഹു.കേരള ഹൈക്കോടതിയിൽ WP(C) 36083/2017 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ 16.11.2017ലെ വിധിന്യായ പ്രകാരം അസോസിയേഷനെതിരെയുള്ള സസ്പെൻഷൻ റദ്ദാക്കുകയുണ്ടായി. ഇതിനെതിരെ ശ്രീ.എൻ.ആർ. അനിൽകുമാർ ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് അപ്പീൽ WA 11/2018 ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീലിന്മേൽ ബഹു.കേരള ഹൈക്കോടതി 17.01.2018ൽ പ്രഖ്യാപിച്ച വിധിന്യായപ്രകാരം സ്പോർട്സ് കൗൺസിൽ നിയോഗിച്ചിട്ടുള്ള സബ് കമ്മിറ്റി ടി റിട്ട് അപ്പീൽ വിധിന്യായം ലഭിച്ച തീയതി മുതൽ 3 മാസത്തിനകം വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി റിട്ട് അപ്പീലിലെ ഉത്തരവിനെതിരെ ചെസ്സ് അസോസിയേഷൻ ഓഫ് കേരള ബഹു.സുപ്രീംകോടതി മുമ്പാകെ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ (SLP No.8663/2018) ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 13.04.2018 ൽ ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ബഹു.കേരള ഹൈക്കോടതി |

| | | | |
|---|---|---|---|
| | | | തീർപ്പാക്കിയ റിട്ട് അപ്പീൽ നമ്പർ 11/2018 ലെ വിധിന്യായപ്രകാരമുള്ള നടപടികൾ സ്റ്റേ ചെയ്തിരുന്നു. ആയതിനാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചെസ്സ് അസോസിയേഷൻ ഓഫ് കേരളയ്ക്കെതിരെ സ്വീകരിച്ച അന്വേഷണ നടപടികളും താൽക്കാലികമായി നിർത്തി വച്ചിരുന്നു. എന്നാൽ 2021 ജനുവരി മാസം ചെസ്സ് അസോസിയേഷൻ ഓഫ് കേരളയ്ക്ക് പുതിയ കമ്മിറ്റി നിലവിൽ വന്നുവെന്നും ആയതിനാൽ ഏതു തരം അന്വേഷണവും പഴയ കമ്മിറ്റിയ്ക്കെതിരെ മാത്രമാണെന്നും ചെസ്സ് അസോസിയേഷൻ ഓഫ് കേരള ബഹുമാനപ്പെട്ട സുപ്രീംകോടതി മുൻപാകെ ഒരു സത്യവാങ് മൂലം ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അഭിപ്രായം ഒന്നും രേഖപ്പെടുത്താതെ അസോസിയേഷന്റെ കാര്യത്തിൽ പുതിയതായി വന്ന മാറ്റം സംബന്ധിച്ച് കേരള ഹൈക്കോടതി മുൻപാകെ ഒരു റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യാൻ ഹർജിക്കാരനായ ചെസ്സ് അസോസിയേഷൻ ഓഫ് കേരളയ്ക്ക് നിർദ്ദേശം നൽകി. ടി SLPയിന്മേൽ 25.10.2021ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് ചെസ്സ് അസോസിയേഷൻ ഓഫ് കേരള സ്വീകരിക്കുന്ന മേൽ നടപടികൾ കൗൺസിൽ നിരീക്ഷിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ